7
ജൂൺ 2023
ബുധൻ Pages 5
Vol 2. Issue. 125

# ക്രിസ്ത്യൻലൈവ് ദിനപത്രം

on the battlefield for the Great commission
CNL7 MEDIA
494



## തട്ടികൊണ്ടുപോയ

# വിശ്വാസികളെ മോചിപ്പിച്ചു

“കഴിഞ്ഞ 14 വർഷങ്ങൾക്കുള്ളിൽ നൈജീരിയയിൽ ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ 52,250 ക്രൈസ്തവരെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ടാകുമെന്നാണ് കണക്കുകൾ...

വാർത്ത തുടർന്ന് വായിക്കുവാൻ പേജ് 03കാണുക



## ‘സൈലന്റ് ബാർക്കർ’ ചാര ഉപഗ്രഹ ശൃംഖലയുമായി അമേരിക്ക

*Editorial*

ക്രിസ്ത്യൻ ലൈവ് ദിനപത്രം

2023 ജൂൺ
7 ബുധൻ



# പരിസ്ഥിതി ദിനത്തിന്റെ ബാക്കി ചിന്തകൾ

**കാ**ട്ടുപോത്തും കാട്ടുപന്നിയും കടുവയും കുരങ്ങും മയിലും എല്ലാം യഥേഷ്ടം വിഹരിക്കുന്ന മലയാളനാട്ടിലാണ് നാം ഇപ്പോൾ അധിവസിക്കുന്നത്. മനുഷ്യൻ കാട് വെട്ടിപ്പിടിക്കുന്നതു കൊണ്ടാണ് കാട്ടു മൃഗങ്ങൾ നാട്ടിലിറങ്ങുന്നതെന്നും അതല്ല കാട്ടിൽ തന്നെ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതിതമായി വർദ്ദിക്കുന്നതുകൊണ്ടാണ് അത് സംഭവിക്കുന്നതെന്നും പറയുന്നവരുണ്ട്. ഏതായാലും ഈ ചർച്ചകൾക്കിടയിൽ ഒരു പരിസ്ഥിതി ദിനം കൂടെ നമ്മെ വിട്ട് കടന്നു പോയി.

ഒരു ഭൂമി മാത്രം എന്നതായിരുന്നു.
ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിന്റെ തീം. ജൈവ വൈവിദ്ധ്യങ്ങൾ നിറഞ്ഞ കേരളത്തിലെ സ്ഥിതി നമുക്ക് പരിചിതമാണ്. അപ്പോൾ തന്നെ പരിസ്ഥിതി, ജൈവവൈവിധ്യ നഷ്ടം, കാലാവസ്ഥാ വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിൽ അമ്പത് വർഷങ്ങൾക്കിടയിൽ ലോകം നിരവധി മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്.പൊതു, സ്വകാര്യ, സാമൂഹിക വ്യവഹാരങ്ങളിലേക്ക് സുസ്ഥിര വികസനം സമന്വയിപ്പിക്കുന്നതിൽ നിരവധി നാഴികക്കല്ലുകളും നേടിയിട്ടുണ്ട്.

പരിസ്ഥിതി ദിനം കേവലം ഒരു ദിനത്തിന്റെ പേരിൽ ആചരിച്ച് ഉപേക്ഷിക്കേണ്ടതല്ല. പകരം ഈ വിഷയത്തിൽ ഇനിയും നാം ഒരുപാട് ദൂരം സഞ്ചരിക്കാനുണ്ട്. അഥവാ നാം അധിവസിക്കുന്ന ഭൂമിയെ കൂടുതൽ വൃത്തിയുള്ളതും പച്ചപ്പുള്ളതും തിളക്കമുള്ളതും ആക്കേണ്ടതുണ്ട്.

മാനവരാശിയുടെ നിത്യജീവിതത്തിൽ പ്ലാസ്റ്റിക്ക് ഏറെ ദോഷം വരുത്തുന്ന ഒന്നാണ്. ചിട്ടയായ ഒരു നവ ശീലം രൂപപ്പെടുത്തി എടുക്കുന്നതിലൂടെ, കൃത്യമായി ഘട്ടം ഘട്ടമായി മാത്രമെ അത് നമുക്ക് ഒഴിവാക്കാനാവുകയുള്ളു.
ഒരു പക്ഷേ അടുത്ത അഞ്ച് വർഷം കൊണ്ട് പ്ളാസ്റ്റിക് നിർമ്മാർജ്ജനം സാധിച്ചേക്കാം!പക്ഷേ ഇപ്പോഴോ? നിത്യോപയോഗത്തിന്റെ എല്ലാ മേഖലകളിലും പ്ലാസ്റ്റിക്ക് നമ്മുടെ കൂടെ വീടുകളിലേക്ക് എത്തുന്ന അതിഥിയല്ലേ?

കുടിവെള്ളം കുപ്പിയിലോ എന്ന് ചോദിച്ച ഒരു കാലഘട്ടം നമുക്കുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ മൊബൈൽ പോലെ നമ്മുടെ ജീവിതയാത്രയിൽ അതും ഒരവയവമായ് മാറിയിരിക്കുന്നു. വിവാഹ സത്കാരങ്ങളിൽ ആഢംബരത്തിന്റെ അങ്ങേയറ്റം പോലെ ചെറു കുപ്പികൾ എന്നും പ്രത്യക്ഷപ്പെടുന്നു.

ഇത്തരം സാഹചര്യത്തിൽ പരിസ്ഥിതി സംരക്ഷിക്കുന്ന കാര്യത്തിൽ എല്ലാവരും ഒന്നിക്കുകയാണ് വേണ്ടത്. പുതിയ ആശയങ്ങളും അറിവുകളും കൊണ്ട് ജനത്തെ ബോധവത്കരിക്കണം. നയം രൂപികരിക്കണം; പുതിയ
നിയമനിർമ്മാണം നടത്തണം സർക്കാർ പദ്ധതികൾ പ്രഖ്യാപിക്കണം; നടപ്പിലാക്കണം അപ്പോൾ ജനവും സഹകരിക്കും; പൂർണ്ണ പിന്തുണയും പ്രഖ്യാപിക്കും.

**ബ്ലസ്സിൻ ജോൺ മലയിൽ**

# ഐക്യദാർഢ്യ പ്രാർത്ഥനാ സംഗമം

തിരുവനന്തപുരം: മണിപ്പൂരിൽ ഉണ്ടായ സംഘർഷത്തിന്റെ ഭാധമായി ഭാഗമായി നൂറ് കണക്കിന് ആരാധനാലയങ്ങൾ തകർക്കപ്പെടുകയും വീടുകളും സ്കൂളുകളും ബൈബിൾ കോളേജുകളും തകർക്കപ്പെടുകയും ചെയ്തു. പതിനായിരക്കണക്കിന് ജനങ്ങൾ പാലായനം ചെയ്തു. ഗോത്ര സംഘർഷങ്ങൾക്കിടയിൽ ആസൂത്രിതമായ രാഷ്ട്രീയ അജണ്ടകൾ നടപ്പിലാക്കാൻ ചിലർ ശ്രമിച്ചതിന്റെ ഭാഗമായി ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയായിരുന്നു. കലാപങ്ങൾക്ക് സ്റ്റേറ്റും പോലീസും കൂട്ടുനിൽക്കുകയാണ് ചെയ്തത്.

42 ശതമാനം ക്രൈസ്തവർ പാർക്കുന്ന സംസ്ഥാനത്ത് സുരക്ഷിതമായി ജീവിക്കാൻ സാധ്യമല്ലെങ്കിൽ ക്രൈസ്തവർ ന്യൂനപക്ഷമായ പ്രദേശങ്ങളിലെ സ്ഥിതി എത്ര ഭയപ്പെടുത്തുന്നതാണ്. എല്ലാ തരത്തിലുള്ള പൗരാവകാശങ്ങളും നിഷേധിക്കപ്പെട്ട സമൂഹം ക്രൂരമായ ഭരണകൂട ഭീകരതയ്ക്ക് ഇരയാവുകയാണ്. പിറന്ന മണ്ണിൽ ജീവിക്കാൻ കഴിയാതെ പലരും നാടുവിടുകയാണ്.
നിയമ വിവേചനവും അവകാശ നിഷേധവും ക്രൈസ്തവ സമൂഹം നേരിടുകയാണ്.

വടക്കേന്ത്യയിൽ സഭകൾക്ക് നേരെ നടക്കുന്ന കടന്നാക്രമണങ്ങളെയും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നടക്കുന്ന നീതി നിഷേധങ്ങളെയും അപലപിച്ചു കൊണ്ട്, പീഡനം അനുഭവിക്കുന്ന മണിപ്പൂർ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് അരുവിക്കര , ക്രിസ്റ്റ്യൻ ഫെല്ലോഷിപ്പ് പ്രാർത്ഥനാ സംഗമം സംഘടിപ്പിക്കുന്നു.

ജൂൺ 11 ഞായർ വൈകിട്ട് അഞ്ചിന് അരുവിക്കര ജംഗ്ഷനിൽ നടക്കുന്ന സമ്മേളനത്തിൽ ഇഎ, പ്രസിഡന്റ് റവ. ജെ ക്രിസ്തുദാസ് അധ്യക്ഷത വഹിക്കും.

പ്രഭാഷകനും സോഷ്യൽ ആക്ടിവിസ്റ്റുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട്(പെന്തകോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ കേരളാ സ്റ്റേറ്റ് ജനറൽ സെക്രട്ടറി) മുഖ്യ പ്രഭാഷണം നടത്തും.

റവ. ഫാദർ അരുൺ എഗത്ത്( മലങ്കര കത്തോലിക്ക സഭ), റവ. ഫാദർ സാം മാത്യൂ( സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച്), റവ. ഫാദർ ബിബാബു(സിഎസ്ഐ, ഡിസ്ട്രിക്ട് ചെയർമാൻ),

റവ. ഫാദർ ഗിബർട്ട്( ലൂഥറൻ ചർച്ച്), റവ. ഫാദർ ജി.സ്റ്റുവർട്ട്( സിഎസ് ശാലേം ചർച്ച്), പാസ്റ്റർ കെ എ തോമസ്( പിസിഐ ജില്ലാ സെക്രട്ടറി) എന്നിവർ അഭിവാദ്യം അർപ്പിച്ചു സംസാരിക്കും.

പാസ്റ്റർ അനീഷ് ജോർജ്( ഇഎ, സെക്രട്ടറി), ബ്രദർ അഭിലാഷ് ( ഇഎ, ട്രഷറർ) ബ്രദർ സന്തോഷ് എന്നിവർ നേതൃത്വം നൽകും.

## 'TEHILAH 2023' സംഗീത സായാഹ്നം ജൂൺ 18 ന്

പെരുമ്പാവൂർ :പിവൈപിഎ പെരുമ്പാവൂർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂൺ 18 ന് സംഗീത സായാഹ്നം "TEHILAH 2023' പെരുമ്പാവൂർ വൈഎംസിഎ യിൽ നടക്കും. കേരള സ്റ്റേറ്റ് പിവൈപിഎ സെക്രട്ടറി ജസ്റ്റിൻ നെടുവേലിൽ ഉത്ഘാടനം ചെയ്യുന്ന യോഗത്തിൽ ഇവാ. ഇമ്മാനുവേൽ കെ. ബി. ആരാധനയ്ക്ക് സംഗീത ശുശ്രുഷയ്ക്ക് നേതൃത്വം നൽകും. ഐപിസി പെരുമ്പാവൂർ സെന്റർ ശുശ്രുഷകൻ പാസ്റ്റർ എം. എ. തോമസ് മുഖ്യ സന്ദേശം നൽകും. കൂടുതൽ വിവരങ്ങൾക്ക് : ബേസിൽ ബേബി (പ്രസിഡന്റ്) : +91 98474 12435 / ലെനിൻ പോൾ (സെക്രട്ടറി) : +91 99464 20670.

## എസ്എസ്എൽസി സേ പരീക്ഷ ഇന്ന് മുതൽ

തിരുവനന്തപുരം: എസ്എസ്എൽസി സേ പരീക്ഷ ഇന്ന് തുടങ്ങും.14ാം തീയതി വരെയാണ് പരീക്ഷ. ഈ മാസം അവസാനത്തോടെ പരീക്ഷാഫലം പ്രഖ്യാപിക്കും. എസ്എസ്എൽസി പരീക്ഷയിൽ മൂന്ന് വിഷയം വരെ പാസാകാനുള്ള 1101 പേരാണ് സേ പരീക്ഷ എഴുതുന്നത്. ഇതിനൊപ്പം, ആരോഗ്യകാരണങ്ങളാൽ പരീക്ഷ എഴുതാനാകാതെ പോയ പത്തോളം പേരും കായിക മത്സരങ്ങളിൽ പങ്കെടുക്കാൻ പോയതുമൂലം പരീക്ഷ എഴുതാത്ത കണ്ണൂർ സ്പോർട്ട്സ് സ്കൂളിലെ രണ്ട് കുട്ടികളും സർക്കാരി

**സേ പരീക്ഷയിൽ യോഗ്യത നേടുന്നവർക്ക് പ്ലസ് വൺ പ്രവേശനത്തിനു സപ്ലിമെന്ററി ഘട്ടത്തിൽ അപേക്ഷിക്കാം**

ന്റെ പ്രത്യേക അനുമതിയോടെ മുഴുവൻ പരീക്ഷകളും എഴുതുന്നുണ്ട്. ഗൾഫിൽ ഒരു സെന്ററിലും ലക്ഷദ്വീപിൽ നാല് സെന്ററുകളിലും പരീക്ഷയുണ്ട്. സേ പരീക്ഷയിൽ യോഗ്യത നേടുന്നവർക്ക് പ്ലസ് വൺ പ്രവേശനത്തിനു സപ്ലിമെന്ററി ഘട്ടത്തിൽ അപേക്ഷിക്കാം.

## എബൈഡ് ഇൻ ക്രൈസ്റ്റ് ഏകദിന സുവിശേഷ യോഗം

ദോഹ: ചർച് ഓഫ് ലിവിങ് വാട്ടർ ദോഹയുടെ ആഭിമുഖ്യത്തിൽ ജൂൺ 11 ഞായാറാഴ്ച വൈകിട്ട് 7.45 മുതൽ 10.15 വരെ 'എബൈഡ് ഇൻ ക്രൈസ്റ്റ്' സുവിശേഷ യോഗം നടക്കും. പാസ്റ്റർ പി.സി. ചെറിയാൻ പ്രസംഗിക്കും.

Editorial board

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .

Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout & Design:Shaji Vazhoor.9656571354

ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5) only son, works as a Chemical Engineer (Schlumberger) Marriage proposals are also invited from parents of spiritual and God fearing girls. Preference will be given to those in the Medical field. Phone 97455327348. (WhatsApp) Email: jaj3292000@yahoo.co.in

Remarriage
Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta"9946847617

വധുവിനെ ആവശ്യമുണ്ട്
ക്രിസ്ത്യൻ പെന്തകോസ്തു യുവാവ് Age-41, Hight-179 (B. A Sociology, BTH, Dip. Mission., BA. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343**

# 'സൈലന്റ് ബാർക്കർ' ചാര ഉപഗ്രഹ ശൃംഖലയുമായി അമേരിക്ക




ഭ്രമണപഥത്തിലെ ഉപഗ്രഹങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളെ പ്രവർത്തനരഹിതമാക്കാനോ നശിപ്പിക്കാനോ കഴിവുള്ള ബഹിരാകാശ വാഹനങ്ങളെ കണ്ടെത്തുക യെന്ന ലക്ഷ്യത്തോടെ അമേരിക്കയുടെ പുതിയ ദൗത്യം. സൈലന്റ് ബാർക്കർ എന്ന പേരിൽ ഭൂമിയോട് ഏറ്റവും അടുത്തുള്ള ഭ്രമണപഥത്തിലാണ് ഉപഗ്രഹ ശൃംഖല ഒരുക്കുന്നത്. ഇത്തരത്തിലുള്ള ആദ്യ ഉപഗ്രഹശൃംഖലയായിരിക്കും ഇത്. ഉപഗ്രഹങ്ങളുടെ വിക്ഷേപണം ഉടൻ നടക്കും. ഭൂമിയിൽനിന്ന് നിയന്ത്രിക്കപ്പെടുന്ന സെൻസറുകളും ഉൾപ്പെടുന്നതാണ് സൈലന്റ് ബാർക്കർ ശൃംഖല. ഭൂസ്ഥിര ഭ്രമണപഥമെന്ന് വിളിക്കുന്ന ഭൂമിയിൽനിന്ന് 22,000 മൈൽ ( 35,400 കി.മീ ) ഉയരത്തിലുള്ള ഭ്രമണപഥത്തിലാണ് ഉപഗ്രഹങ്ങൾ വിന്യസിക്കുക. എന്നാൽ എത്ര ഉപഗ്രഹങ്ങൾ ഉൾപ്പെടുന്നതാണ് ഈ ശൃംഖലയെ യുഎസ് ബഹിരാകാശ സേന ഇതുവരെ വ്യക്തമാക്കിയിട്ടില്ല.

ഉപഗ്രഹ വിക്ഷേപണ രംഗത്ത് നടക്കുന്ന കടുത്ത മത്സരങ്ങളുടെ ഭാഗമായിട്ടാണ് ഇത്തരത്തിൽ അമേരിക്കയുടെ പുതിയ നീക്കം. മറ്റൊരു ഉപഗ്രഹത്തിന്റെ ഭ്രമണപഥത്തിലേക്ക് പുതിയവ വിക്ഷേപിക്കാനും ഭ്രമണം ചെയ്ത് കൊണ്ടിരിക്കുന്നവയെ നീക്കം ചെയ്യാനുമുള്ള റഷ്യയുടെയും ചൈനയുടെയും ഉദ്യമങ്ങളെ തടയിടുകയെന്നതാണ് അമേരിക്ക ലക്ഷ്യമിടുന്നത്. ബഹിരാകാശത്ത് നടക്കുന്ന ഇത്തരത്തിലുള്ള ആക്രമണങ്ങളെ മനസിലാക്കാനും അതിനനുസരിച്ച് പ്രതികരിക്കാനും ഈ സംവിധാനത്തിലൂടെ അമേരിക്കയ്ക്ക് സാധ്യമാകും.
നിലവിൽ ഭൂസ്ഥിര ഉപഗ്രഹങ്ങളുടെ പാതയിലെ മറ്റ് വസ്തുക്കളുടെ സാന്നിധ്യം മനസിലാക്കാൻ ചില ബുദ്ധിമുട്ടുകളുണ്ട്. ദൂരം, ഭൂമിശാസ്ത്രം, കാലാവസ്ഥ എന്നിവയൊക്കെയാണ് പരിമിതികൾ. എന്നാൽ സൈലന്റ് ബാർക്കർ ഈ കുറവുകൾ നികത്തി അപകടകാരികളായ വസ്തുക്കളെ കണ്ടെത്തും.

ബോയിങ് കോലോക്ക്ഹീഡ് മാർട്ടിൻ കോർപ്പറേഷന്റെ യുണൈറ്റഡ് ലോഞ്ച് അലയൻസ് പ്രവർത്തിപ്പിക്കുന്ന അറ്റ്ലസ് വി ബൂസ്റ്ററിൽ ജൂലൈയ്ക്ക് ശേഷമാകും സൈലന്റ് ബാർക്കർ ഉപഗ്രഹങ്ങൾ വിക്ഷേപിക്കുക.

ചൈനയുടെ പക്കൽ അമേരിക്കയുടെ ഉപഗ്രഹങ്ങളെ അക്രമിക്കാൻ ലക്ഷ്യമിട്ടുള്ള ആയുധങ്ങളുണ്ടെന്നാണ് യുഎസ് നാഷണൽ ഇന്റലിജൻസ് ഓഫീസിന്റെ കണ്ടെത്തൽ. 2021 ൽ വിക്ഷേപിച്ച ചൈനയുടെ ഉപഗ്രഹമാണ് എസ് ജെ 21. ചൈനയുടെ തന്നെ പ്രവർത്തനരഹിതമായ ഉപഗ്രഹത്തെ ഉയർന്ന മറ്റൊരു ഭ്രമണപഥത്തിലേക്ക് വലിച്ചിടാനായിട്ടാണ് ഇത് വിക്ഷേപിച്ചത്. എന്നാൽ എസ് ജെ 21 മറ്റു ഭൂസ്ഥിര ഉപഗ്രഹങ്ങൾക്ക് ഭീഷണിയാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇത്തരത്തിൽ അപകടകാരിയായ ബഹിരാകാശ വാഹനങ്ങളെ കണ്ടെത്താൻ സൈലന്റ് ബാർക്കർ ശൃംഖലയ്ക്കാകും.

# തട്ടികൊണ്ടുപോയ വിശ്വാസികളെ മോചിപ്പിച്ചു



കടുണ : കടുണയിൽ നിന്നും സായുധധാരികൾ തട്ടിക്കൊണ്ടു പോയ 16 ക്രൈസ്തവരെ മുസ്ലിം സമൂഹം പണം നൽകി മോചിപ്പിച്ചു. മടാലയിൽ സ്ഥിതി ചെയ്യുന്ന ബാപ്റ്റിസ്റ്റ് ദേവാലയത്തിൽ അതിക്രമിച്ചു കയറി 40 ക്രൈസ്തവ വിശ്വാസികളെ കൊള്ളക്കാർ തട്ടിക്കൊണ്ടു പോയിരുന്നു. ഇവരിൽ ചിലർ പിന്നീട് രക്ഷപ്പെട്ടു. ക്രൈസ്തവരെ മോചിപ്പിക്കാൻ സഹായം ചെയ്ത മുസ്ലിം സമൂഹത്തോട് കടുണ സംസ്ഥാനത്തെ ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് നൈജീരിയയുടെ അധ്യക്ഷൻ ജോൺ ഹയാബ് നന്ദിയർപ്പിച്ചു. സഹോദരിമാരുടെയും, സഹോദരന്മാരുടെയും അവസ്ഥയിൽ ഉത്കണ്ഠയുള്ള നന്മയും കരുതലും ആത്മാർത്ഥതയുമുള്ള അയൽക്കാരെയാണ് അവരിൽ കാണാൻ സാധിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഐക്യത്തോടും സമാധാനത്തോടും കൂടിയുള്ള സഹവർത്തിത്വത്തിന് വേണ്ടി സംസ്ഥാനത്തുടനീളം ഈ മാതൃക പിന്തുടരാൻ ശ്രമിക്കണമെന്നും ജോൺ ഹയാബ് ആഹ്വാനം നൽകി. ഇതിനിടയിൽ മോചനം ലഭിച്ച 16 പേർ കുടുംബത്തോടൊപ്പം ചേർന്നു. ഇവരിൽ പരിക്കേറ്റവർ ആശുപത്രിയിൽ ചികിത്സയും തേടിയിട്ടുണ്ട്.
കഴിഞ്ഞ 14 വർഷങ്ങൾക്കുള്ളിൽ നൈജീരിയയിൽ ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ 52,250 ക്രൈസ്തവരെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ടാകുമെന്ന വെളിപ്പെടുത്തലുമായി 'ഇന്റർനാഷണൽ സൊസൈറ്റി ഫോർ സിവിൽ ലിബർട്ടീസ് ആൻഡ് റൂൾ ഓഫ് ലോ' എന്ന സംഘടന റിപ്പോർട്ട് ചെയ്യുന്നു. ഇസ്ലാമിക തീവ്രവാദികൾ വ്യാപകമായ ക്രൈസ്തവ കൂട്ടക്കൊല നടത്തുന്ന വാർത്തകൾ പുറത്തു വരുമ്പോഴും സായുധധാരികളുടെ തടങ്കലിൽ നിന്നു മോചിപ്പിക്കാൻ നടത്തിയ ഇടപെടലിന് വലിയ അഭിനന്ദനമാണ് പ്രാദേശിക ക്രൈസ്തവ സമൂഹത്തിന് ലഭിക്കുന്നത്.

# അറ്റോർണി അരുൺ എബ്രഹാം അമേരിക്കയിൽ നിര്യാതനായി



ന്യൂ യോർക്ക് : ഒർലാണ്ടോയിൽ താമസിക്കുന്ന റാന്നി വടവുപറമ്പിൽ തോമസ് എബ്രഹാമിന്റെയും (തമ്പി) ചാലുപറമ്പിൽ അന്നാമ്മയുടെയും പുത്രനും, ചാലുപറമ്പിൽ തമ്പി അച്ചന്റെ സഹോദരീപുത്രനുമായ പ്രമുഖ അറ്റോർണി അരുൺ എബ്രഹാം (41 വയസ്സ്)ന്യൂയോർക്കിൽ നിര്യാതനായി.
ചിക്കാഗോ യൂണിവേഴ്സിറ്റി ബൂത്ത് സ്കൂൾ ഓഫ് ബിസിനസ്സിൽ നിന്ന് എം ബി എ യും യു എസ് സിലോ സ്കൂളിൽ നിന്ന് ജെ ഡിയും യേൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി എ യും നേടിയിരുന്നു അരുൺ എബ്രഹാം.
ആഗോള സ്ട്രാറ്റജിക് അഡ്വൈസറി സ്ഥാപനമായ എം ക്ലെയിൻ ആൻഡ് കമ്പനിയുടെ ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി സബ്സിഡിയയറിയുടെ മാനേജിംഗ് ഡയറക്ടറാണ് 2018 മുതൽ ചർച്ചിൽ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് ടീമിൽ അംഗമായി. നേരത്തെ ലസാർഡ് ഫ്രെറസ് ആൻഡ് കമ്പനി (20162017), എവർകോർ പാർട്ണേഴ്സ് (2013 2016) എന്നിവയിലെ ഇൻവെസ്റ്റ്മെന്റ് ബാങ്കറായിരുന്നു. ലോവർ മാൻഹാട്ടൻ ആസ്ഥാനത്തുള്ള കാഡ്വാലഡർ, വിക്കർഷാം & ടാഫ്റ്റ് എന്ന ആഗോള നിയമ സ്ഥാപനത്തിൽ കോർപ്പറേറ്റ്, സെക്യൂരിറ്റീസ് അറ്റോർണി ആയാണ് അദ്ദേഹം തന്റെ കരിയർ ആരംഭിച്ചത്. ന്യൂയോർക്ക് സ്റ്റേറ്റ് ബാറിലെ അംഗമായിരുന്നു അറ്റോർണി അരുൺ എബ്രഹാം.
ഭാര്യയും ഒരു കുട്ടിയുമുണ്ട്. സഹോദരി : അനു എബ്രഹാം ന്യൂജേഴ്സിയിൽ അറ്റോർണിയാണ്.
സംസ്കാരം പിന്നീട്.

## പാസ്റ്റർ പി. ജെ മാത്യു നിത്യതയിൽ



ഒക്കലഹോമ: ഐ.പി.സി കണിയമ്പാറ മുൻ ശുശ്രൂഷകനും, ഐ പി സി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ ജേഷ്ഠ സഹോദരനുമായ ആഞ്ഞിലിത്താനം പുവക്കാലയിൽ എബനേസർ വില്ലയിൽ പാസ്റ്റർ പി. ജെ. മാത്യു (ബാബു84) ഒക്കലഹോമയിൽ നിര്യാതനായി. ഭാര്യ പരേതയായ റിബെക്കാ മാത്യു.
മക്കൾ : ജോൺസൺ മാത്യു ( ബോബിഒക്കെ ), ബാബ്സി (എൻജെ), ബെറ്റി (ഒക്കെ). മരുമക്കൾ : ഫെബി മാത്യു, ജോസഫ് പാലമറ്റം, സാം ജോർജ്. കൊച്ചുമക്കൾ: ജോയാന, രൂത്ത്,ക്രിസ്റ്റഫർ, ജെയ്സി, ജോസി, ജൊഹാൻ, ജെയ്സൺ, സ്റ്റെയ്സി.

## ഇന്ത്യൻ പെന്തക്കോസ്തൽ ഫെല്ലോഷിപ്പ് കൺവൻഷൻ

ന്യൂയോർക്ക് : ഇന്ത്യൻ പെന്തെക്കോസ്തൽ ഫെല്ലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ 27 മത് കൺവൻഷൻ ജൂൺ 16 മുതൽ 18 വരെ ന്യൂയോർക്കിൽ സ്റ്റാറ്റൻ ഐലന്റിലുള്ള ന്യൂയോർക്ക് പെന്തെക്കോസ്തൽ അസംബ്ലിയിൽ നടക്കും. പാസ്റ്റർ ജേക്കബ് മാത്യു(ഹ്യൂസ്റ്റൻ) മുഖ്യ പ്രസംഗകനായിരിക്കും.
'യേശുക്രിസ്തു ആരാണ് 'എന്നതാണ് ചിന്താവിഷയം. വൈകുന്നേരം നടക്കുന്ന പൊതുയോഗങ്ങൾക്കു പുറമേ നേതൃത്വ പഠനവേദി, യുവജന സമ്മേളനം, വനിതാ സമ്മേളനം എന്നിവയും നടക്കും. ഞായറാഴ്ചത്തെ പൊതു ആരാധനയ്ക്ക് പാസ്റ്റർ ഡോ. ജോയ് പി ഉമ്മൻ നേതൃത്വം നൽകും.
പാസ്റ്റർ മാത്യു ശാമുവേൽ (പ്രസിഡന്റ്) , പാസ്റ്റർ രാജൻ കുഞ്ഞ് (വൈസ് പ്രസിഡന്റ്) , ജേക്കബ് കുര്യൻ (സെക്രട്ടറി), ജേക്കബ് സഖറിയ(ട്രഷറാർ), ബ്ലെസ്സൻ മാത്യു (യൂത്ത് കോർഡിനേറ്റർ), മേരി മാത്യു (ലേഡീസ് കോർഡിനേറ്റർ) എന്നിവർ നേതൃത്വം നൽകും. ഇന്ത്യൻ പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഓഫ് അമേരിക്കയുടെ കോർഡിനേറ്ററായി പാസ്റ്റർ ഡോ. ജോയ് പി. ഉമ്മൻ പ്രവർത്തിച്ചുവരുന്നു. കോൺഫറൻസിന്റെ ക്രമീകരണങ്ങൾ പാസ്റ്റർ തോമസ് എബ്രഹാമിന്റെ ചുമതലയിൽ ന്യൂയോർക്കിൽ പുരോഗമിക്കുന്നു.

# മണിപ്പൂരിൽ ആംബുലൻസിന് തീയിട്ടു; ഏഴ് വയസുകാരനും അമ്മയുമടക്കം മൂന്ന് പേർക്ക് ദാരുണാന്ത്യം


ഇംഫാൽ:കലാപം തുടരുന്ന മണിപ്പൂരിൽ നിന്നും വീണ്ടും ഒരു ദുരന്തവാർത്ത ഇംഫാൽ വെസ്റ്റിൽ ആൾക്കൂട്ടം ആംബുലൻസിന് തീയിട്ട് എഴ് വയസുകാരനും അമ്മയും അയൽവാസിയായ സ്ത്രീയും വെന്തുമരിച്ചുവെന്നാണ് റിപ്പോർട്ട്. എഴ് വയസുകാരനായ ടോങ്സിങ് ഹാങ്സിങ്ങും അമ്മ മീന ഹാങ്സിങ് മെയ്തേയ് വിഭാഗക്കാരിയായ ലിഡിയ ലോറെമ്പം എന്നിവരാണ് കൊല്ലപ്പെട്ടത്. അസം റൈഫിൾസിൻറെ കീഴിലുള്ള ക്യാംപിൽ ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ടോങ്സിങിൻറെ തലയിലും അമ്മ മീനയുടെ കയ്യിലും വെടിയേറ്റിരുന്നു. ഇവരെ ആശുപത്രിയിലെത്തിക്കാനുള്ള വഴിമധ്യേയാണ് ആൾക്കൂട്ട ആക്രമണത്തിൽ വെന്തുമരിച്ചത്.



# ബിപോർജോയ്’ ചുഴലിക്കാറ്റ് തീവ്രചുഴലിക്കാറ്റായി ശക്തിപ്രാപിച്ചു ; രണ്ട് ജില്ലകളിൽ യെല്ലോ അലർട്ട്

ബിപോർജോയ്’ ചുഴലിക്കാറ്റ് തീവ്രചുഴലിക്കാറ്റായി ശക്തിപ്രാപിച്ചു. വടക്ക് ദിശയിൽ സഞ്ചരിക്കുന്ന ചുഴലിക്കാറ്റ് മധ്യ കിഴക്കൻ അറബിക്കടലിനു മുകളിൽ അടുത്ത 24 മണിക്കൂറിനുള്ളിൽ അതി തീവ്ര ചുഴലിക്കാറ്റായി മാറാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

തുടർന്നുള്ള 3 ദിവസം വടക്ക് വടക്ക് പടിഞ്ഞാറു ദിശയിൽ സഞ്ചരിക്കാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രവചിച്ചു. ചുഴലിക്കാറ്റിന്റെ ഭാഗമായി കേരളത്തിലും പരക്കെ മഴ ലഭിക്കും. കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിമിന്നലിനും കാറ്റോടും കൂടിയ വ്യാപക മഴയ്!ക്ക് സാധ്യതയുണ്ട്. 11 വരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.




# ഐ.പി.സി കൗൺസിൽ ഹാളിലെത്തി വീഡിയോ പകർത്തി സംഘർഷം സൃഷ്ടിച്ചത് അപലപനീയം: സ്റ്റേറ്റ് കൗൺസിൽ

കുമ്പനാട്: ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ കൗൺസിൽ ഹാളിൽ സ്റ്റേറ്റ് കൗൺസിൽ യോഗം നടക്കുമ്പോൾ ഹാളിലെത്തി അനുവാദമില്ലാതെ പുറത്തുനിന്നുള്ളവർ വീഡിയോ പകർത്തിയ നടപടി അപലപനീയമെന്ന് ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ. രാവിലത്തെ കൗൺസിൽ യോഗം പിരിഞ്ഞ ശേഷം ഉച്ചകഴിഞ്ഞ് അടിയന്തരമായി കൂടിയാണ് സംഭവങ്ങളെ അപലപിച്ചത്.


ചൊവ്വാഴ്ച്ച രാവിലെ സ്റ്റേറ്റ് കൗൺസിൽ യോഗം നടക്കുമ്പോഴാണ് പുറത്തു നിന്നുള്ളവർ ഇലക്ട്രീഷനെന്ന പേരിൽ എത്തി വീഡിയോ എടുത്തത്. അനുവാദമില്ലാതെ കൗൺസിൽ ഹാളിൽ പുറത്തുനിന്നുള്ളവർ പ്രവേശിച്ച നടപടി പ്രതിഷേധാർഹമാണ്. ഇതേ തുടർന്നാണ് സംഘർഷങ്ങൾ ഉണ്ടായത്. ഇതിന്റെ പേരിൽ സംഘർഷം ഉണ്ടാകാൻ പാടില്ലായിരുന്നുവെന്നും സഭയിൽ ഐക്യം നിലനിർത്തണമെന്നും വിവിധ കൗൺസിൽ അംഗങ്ങൾ പറഞ്ഞു.

വൈസ് പ്രസിഡന്റ് പാസ്റ്റർ ഏബ്രഹാം ജോർജ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ജോയിന്റ് സെക്രട്ടറിമാരായ പാസ്റ്റർ രാജു ആനിക്കാട്, ജെയിംസ് ജോർജ് വേങ്ങൂർ, ട്രഷറർ പി.എം.ഫിലിപ്പ് ഉൾപ്പടെയുള്ള കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു.

# ആഭ്യന്തരമന്ത്രി അമിത് ഷായുടെ വസതിക്ക് മുന്നിൽ പ്രതിഷേധം

ന്യൂഡൽഹി : കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ ദില്ലിയിലെ വസതിക്ക് മുന്നിൽ പ്രതിഷേധവുമായി കുകി വനിതാ ഫോറം. ആഭ്യന്തരമന്ത്രി വാഗ്ദാനം ചെയ്ത സമാധാനം മണിപ്പൂരിലില്ലെന്നും അടിയന്തര ഇടപെടൽ വേണമെന്നും വനിതാ ഫോറം ആവശ്യപ്പെട്ടു. അമിത് ഷാ താങ്കൾ ഞങ്ങൾക്ക് സമാധാനം വാഗ്ദാനം ചെയ്തു. പക്ഷേ എവിടെ സമാധാനം? മുഖ്യമന്ത്രി ബിരേൻ സിംഗ് സ്വേച്ഛാധിപതിയാണ് തുടങ്ങിയ പ്ലക്കാർഡുകളുമായാണ് കുക്കി വനിതാ ഫോറം അമിത് ഷായുടെ വസതിക്ക് മുന്നിലേക്ക് പ്രതിഷേധവുമായെത്തിയത്. സംഘർഷം തടയുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടെന്നും ഇടപെടൽ വേണമെന്നും പ്രതിഷേധക്കാർ ആവശ്യപ്പെട്ടു. മുദ്രാവാക്യം വിളിച്ചവരെ പിന്നീട് അറസ്റ്റ് ചെയ്ത് നീക്കി. അമിത് ഷായുടെ സന്ദർശന ശേഷവും കലാപം വ്യാപിക്കുന്നതും കേന്ദ്രസർക്കാരിന് വലിയ തിരിച്ചടിയായിട്ടുണ്ട്. മുമ്പ് കലാപം നടന്ന സ്ഥലങ്ങളിൽ ഇരുവിഭാഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ തുടരുകയാണ്.

# ദർശനവും അവധിയും പിന്നെ പരിസമാപ്തിയിലേക്കുള്ള ബദ്ധപ്പാടും



## കണ്ട വാഗ്ദത്തമെവിടെ? കടന്നു പോകുന്ന വഴി എവിടേക്ക്?



ജിമോൻ മേക്കാട്ട്

**വാ**ഗ്ദത്തത്തിന്റെ അന്തിമഘട്ടമാണ് മിക്കപ്പോഴും ദൈവം വെളിപ്പെടുത്തുന്നത്. എന്നാൽ വാഗ്ദത്ത പൂർത്തികരണത്തിനായി ദൈവം നടത്തുന്ന വഴികൾ പലപ്പോഴും ലഭിച്ച വാഗ്ദത്തത്തിന്റെ വിപരീത അനുഭവങ്ങളായിരിക്കും.

യോസഫ് കണ്ട ദർശനം നോക്കൂ..!വയലിൽ തന്റെ കറ്റ എഴുന്നേറ്റു നില്ക്കുന്നു ! ചുറ്റുമുള്ള കറ്റകൾ തന്നെ വണങ്ങുന്നു. ഭാവിയിൽ തന്റെ ഉയർച്ചയും ജനങ്ങൾ തന്നെ സേവിക്കുന്നതും താൻ രാജാവായി തീരുന്നതുമാണ് ദർശനത്തിന്റെ വ്യാഖ്യാനം.

എന്നാൽ കടന്നു പോയ വഴികൾ അവൻ അടിമയായി മറ്റുള്ളവരെ സേവിക്കുന്ന പാതയിലായിരുന്നു. അടിമയായി വില്ക്കപ്പെടുന്നു, പൊട്ടക്കിണറ്റിൽ അകപ്പെടുന്നു.
രാജാവാകും എന്ന് വാഗ്ദത്തം ലഭിച്ചവൻ ഇതാ പൊത്തിഫേറിന്റെ ദാസനും പിന്നെ കാരാഗ്രഹവാസിയുമായി.
കണ്ട വാഗ്ദത്തമെവിടെ? കടന്നു പോകുന്ന വഴി എവിടേക്ക്?

ഒരു പക്ഷേ സമാപ്തിയിലേക്ക് ബദ്ധപ്പെടുന്ന വാഗ്ദത്തത്തിന്റെ ഇടക്കുള്ള സമയവും അനുഭവങ്ങളും നമ്മെ നിരാശരാക്കാം. എന്നാൽ വൈകിയാലും അതു സംഭവിക്കും. അത് നിശ്ചയം എന്ന ഉറപ്പും ധൈര്യവും നാം കൈവെടിയരുത്. നിന്ദിച്ച ഒരു സമൂഹം ഒരു ദിനം ആദരിക്കും .കേട്ട വാഗ്ദത്തിൻ പൂർത്തികരണം താമസവിനാ സംഭവിക്കും. അതിന്റെ വഴികളാണ് അടിമത്വവും പൊട്ടക്കിണറും കാരാഗ്രഹവാസവും എന്ന് യോസഫിന്റെ അനുഭവത്തിലൂടെ തെളിയുന്നു

ഒരു പുതിയ പുലരി അടുത്തു. ഇരുളിന്റെ അവസ്ഥ തീരാറായി . ഈ നിന്ദയുടെ ഇരുളിൽ നിന്ന് നന്മയുടെ വെളിച്ചം നമുക്ക് മുന്നിലുണ്ട് എന്ന പ്രത്യാശയോടെ നമുക്ക് മുന്നേറാം.

# സംസ്ഥാനത്തെ സ്കൂളുകളുടെ പ്രവൃത്തി ദിവസം 205 ആക്കി ഉത്തരവ്

തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകളുടെ പ്രവൃത്തി ദിവസം 210 ൽ നിന്ന് 205 ആക്കി ഉത്തരവ് തിരുത്തി സർക്കാർ. ഭരണാനുകൂല സംഘടനയായ കെഎസ്ടിഎ അടക്കം പ്രതിഷേധിച്ചതിന് പിന്നാലെയാണ് സർക്കാർ തീരുമാനം മാറ്റിയത്. കൂടിയാലോചനകളില്ലാതെ എടുത്ത തീരുമാനത്തിനെതിരെ അധ്യാപക സംഘടനകൾ രംഗത്ത് വന്നതോടെയാണ് മുൻനിലപാടിൽ നിന്ന് സർക്കാർ പിന്നോട്ട് പോയത്. മധ്യവേനലവധി ഏപ്രിൽ ആറ് മുതലെന്ന പ്രഖ്യാപനത്തിലും മാറ്റമുണ്ട്. നിലവിലെ മാർച്ച് 31 ന് തന്നെയായിരിക്കും ഇനിയും മധ്യവേനലവധി തുടങ്ങുക. ഇത്തവണത്തെ പ്രവേശനോത്സവ പരിപാടി മലയിൻകീഴ് സ്കൂളിൽ നടക്കുമ്പോൾ അധ്യക്ഷ പ്രസംഗത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പുതിയ തീരുമാനങ്ങൾ പ്രഖ്യാപിച്ചത്.

CNL7 MEDIA
Vol 2. Issue. 125
CHRISTIANLIVE DAILY
7
Wednesday
Pages 5
494

